കേരള സർക്കാർ

നം.69198/ആർ.സി.3/2013/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 22-1-2014

## സർക്കുലർ

വിഷയം:- പരിസ്ഥിതി വകുപ്പ് തേടുന്ന റിപ്പോർട്ടുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് യഥാസമയം ലഭ്യമാക്കുന്നത് -സംബന്ധിച്ച്.

സൂചന:- 28-9-2013 തീയതിയിലെ പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പ് ഡയറക്ടറുടെ ഡി.ഒ.ഇ.സി.സി/ഇ3/കംപ്ല/4026/2012 നമ്പർ കത്ത്.

പരിസ്ഥിതി പ്രാധാന്യമുളള പരാതികളിലും, ഖനന പ്രവർത്തനങ്ങൾക്ക് മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണെന്നുള്ള സുപ്രീം കോടതി, ദേശീയ ഹരിത ട്രിബ്യൂണൽ, എന്നിവിടങ്ങളിലെ ഉത്തരവുകൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഓഫീസ് ഓർഡർ എന്നിവ നിലവിലിരിക്കെ ആയതില്ലാതെ നടക്കുന്ന ഖനന പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികൾ, ആദിയായവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുമ്പോൾ ആയവ യഥാസമയം ലഭിക്കാതിരിക്കുകയോ, അല്ലെങ്കിൽ റിപ്പോർട്ട് തന്നെ ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത് എന്നും ആകയാൽ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ യഥാസമയം നൽകണമെന്ന നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും വീഴ്ചകൾക്ക് അതാത് പഞ്ചായത്ത് മുനിസിപ്പൽ സെക്രട്ടറിമാർ വ്യക്തിപരമായി ഉത്തരവാദികളാക്കി ഉത്തരവ് പുറപ്പെടുവിക്കാൻ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിരുന്നു.

മേൽ വിശദീകരിച്ച സാഹചര്യത്തിൽ പരിസ്ഥിതി പ്രാധാന്യമുളള പരാതികളിലും, ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയങ്ങളിലും പരിസ്ഥിതി

കാലാവസ്ഥാ വ്യതിയാന വകുപ്പിൽ നിന്നും ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ യഥാസമയം നൽകേണ്ടതാണെന്നും ഇത് സംബന്ധിച്ചുണ്ടാകുന്ന വീഴ്ചകൾക്ക് അതത് പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിമാർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുമെന്നും അറിയിക്കുന്നു.

ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കില, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ളിസിറ്റിക്ക്)

ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പസിദ്ധീകരണത്തിന്)

പരിസ്ഥിതി വകുപ്പ്

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്, തിരുവനന്തപുരം-695024

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.